ട്രാൻസ്ഫോർമർ നിർമ്മാണ യൂണിറ്റ്

* 231. [253] ശ്രീ. സി. കെ. ചക്രപാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സർക്കാർ ഉടമസ്ഥതയിൽ ട്രാൻസ്ഫോർമർ നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടോ ;

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനു ആവശ്യമായ ട്രാൻസ്ഫോർമറുകൾ സപ്ലൈ ചെയ്യുന്നത് ഈ യൂണിറ്റാണോ ;

(സി) അല്ലെങ്കിൽ അതിന് കാരണമെന്താണ് ;

(ഡി) സംസ്ഥാന ഉടമസ്ഥതയിൽ ഒരു യൂണിറ്റ് പ്രവർത്തിക്കുമ്പോൾ പുറത്തുനിന്ന് കെ. എസ്. ഇ. ബി. സ്വകാര്യ ഏജൻസി വഴി ട്രാൻസ്ഫോർമർ വാങ്ങിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എപ്പോൾ, എത്ര ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) ആവശ്യമായ ട്രാൻസ്ഫോർമറുകളിൽ കുറെ ഈ യൂണിറ്റുകളാണ് സപ്ലൈ ചെയ്യുന്നത്.

(സി) പത്രങ്ങളിൽ പരസ്യം ചെയ്ത് ടെണ്ടറുകൾ വഴി വിലയുടെയും ഗുണനിലവാരത്തിന്റെയും അടിസ്ഥാനത്തിൽ ട്രാൻസ്ഫോർമറുകൾ വാങ്ങിക്കുന്നതുകൊണ്ടാണ് ഇത് സംഭവിക്കുന്നത്.

(ഡി) ഉണ്ട്.

(ഇ) 1971 മുതൽ 1984-85 വരെയുള്ള കാലഘട്ടത്തിൽ ആകെ 2435 ട്രാൻസ്ഫോർമറുകൾ വാങ്ങിയിട്ടുണ്ട്.

ആവർത്തന റബ്ബർ കൃഷിക്കുള്ള സബ്സിഡി

* 232 [254] ശ്രീ. കെ. ടി. കണാരൻ :
,, കാനം രാജേന്ദ്രൻ :
,, വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആവർത്തന കൃഷിക്ക്, കേരളത്തിലെ റബ്ബർ കൃഷിക്കാർക്ക് അനുവദിച്ചുകൊണ്ടിരുന്ന സബ്സിഡിയിൽ എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻനാടാർ) :

റബ്ബർ ബോർഡിന്റെ തിരുവനന്തപുരം റീജിയണൽ ഓഫീസിൽ നിന്നും കിട്ടിയ വിവരം അനുസരിച്ച് 1985 വരെ എല്ലാവർക്കും സബ്സിഡി കൊടുത്തിരുന്നു എന്നറിയുന്നു. 1985 മുതൽ 5 ഹെക്ടറിൽ താഴെ മാത്രം കൈവശ ഭൂമിയുള്ളവർക്കുമാത്രമായി സബ്സിഡി നിയന്ത്രിച്ചിട്ടുണ്ട്. പ്ലാന്റിംഗ് മെറ്റീരിയൽസിന്റെ വില തിരിച്ചു കൊടുക്കലും നിർത്തിയിട്ടുണ്ട്. 50% വളം സബ്സിഡിയും നിർത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly